**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2226** **09-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്ന സമ്പുഷ്ടീകൃത അരി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് പൊതുവിതരണ ശൃംഖലയിലൂടെ സമ്പുഷ്ടീകൃത അരി മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (എ) | രാജ്യത്തെ സ്ത്രീകളിലും കുട്ടികളിലും പൊതുവായി കാണപ്പെടുന്ന അനീമിയ തുടങ്ങിയ രോഗങ്ങളുടെ പ്രധാന കാരണം ആഹാരത്തിലെ പോഷകക്കുറവാണെന്നതിനാൽ ആയത് പരിഹരിക്കുന്നതിലേക്കായി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 2024 മാർച്ചോടു കൂടി രാജ്യത്തെ മുഴുവൻ പൊതുവിതരണ ശൃംഖലകൾ മുഖേന സമ്പുഷ്ടീകൃത അരി വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | അരി സമ്പുഷ്ടീകരിക്കുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | അരിപ്പൊടിയിൽ അയൺ, ഫോളിക് ആസിഡ്, വിറ്റാമിൻ ബി 12എന്നീ സൂക്ഷ്മ പോഷകങ്ങൾ ചേർത്ത് അരിമണി രൂപത്തിലാക്കിയതാണ് ഫോർട്ടിഫൈഡ് റൈസ് കേർണൽസ് (FRK). 100 കിലോ അരിയിൽ ഒരു കിലോ ഫോർട്ടിഫൈഡ് റൈസ് കേർണൽസ് ചേർത്താണ് അരി സമ്പുഷ്ടീകരിക്കുന്നത്. |
| (സി) | കേന്ദ്രസർക്കാരിന്റെ പ്രസ്തുത വ്യവസ്ഥ പ്രകാരം സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിലൂടെ സമ്പുഷ്ടീകൃത അരി മാത്രമാണോ വിതരണം ചെയ്യുന്നത്; അല്ലെങ്കിൽ അപ്രകാരം വിതരണം ചെയ്യാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത്, ആസ്പിരേഷണൽ ജില്ലയായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്ത, വയനാട് ജില്ലയിൽ മാത്രമാണ് നിലവിൽ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സമ്പുഷ്ടീകരിച്ച അരി യോടൊപ്പം പച്ചരിയും, കേരളത്തിലെ കർഷകരിൽ നിന്നും നെല്ല് ശേഖരിച്ച് ലഭ്യമാക്കുന്ന കുത്തരിയും വിതരണം ചെയ്യുന്നുണ്ട്. മറ്റു ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടില്ല. |
| (ഡി) | കേന്ദ്രസർക്കാരിന്റെ ഈ വ്യവസ്ഥ ഇളവ് ചെയ്യണമെന്ന് സംസ്ഥാനം ആവശ്യപ്പെടുകയുണ്ടായോ; വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സി.എം.ആർ (Custom Milled Rice) പോഷക സമ്പുഷ്ടമായതിനാൽ സംസ്ഥാനത്തിനെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്ന് 05/04/2022 ലെ അർദ്ധ ഔദ്യോഗിക കത്ത് നം.4731102/ഡി3/2020/ഭപൊവിവ മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും |

| | | | |
|---|---|---|---|
| | | | ആയത് പരിഗണിക്കപ്പെട്ടില്ല. തുടർന്ന്, റേഷൻ കടകൾ മുഖാന്തിരം വിതരണം ചെയ്യുന്നതിനായി നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും സംഭരിച്ച് പ്രോസസ്സ് ചെയ്ത കുത്തരി ഗോഡൗണുകളിൽ വിതരണത്തിനായി സംഭരിച്ച് കഴിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത അരി വിതരണം നടത്തിയില്ലെങ്കിൽ നശിച്ചു പോവാൻ ഇടയുള്ളതും ആയത് വലിയ സാമ്പത്തിക നഷ്ടം ഉളവാക്കുമെന്നുള്ളതിനാലും സമ്പുഷ്ടീകരിക്കുന്നതിനു കൂടുതൽ സമയം ആവശ്യമുള്ളതിനാലും കേരളത്തിൽ ഇത്തരത്തിൽ അരി സമ്പുഷ്ടീകരിക്കുന്നതിന് ഒരു ബ്ലൻഡിങ് യൂണിറ്റ് മാത്രമേയുള്ളൂ എന്നതിനാലും സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സി.എം.ആർ സമ്പുഷ്ടീകരിക്കുന്നതിൽ നിന്നും കേരളത്തെ 2023 മാർച്ച് മാസം വരെ എങ്കിലും ഒഴിവാക്കണമെന്ന് ബഹു. ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി 24/11/2022 ലെ അർദ്ധ ഔദ്യോഗിക കത്ത് നം ഡി3/19/2022/ഭപൊവിവ മുഖേന കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ അപ്രകാരം ആവശ്യപ്പെടുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സി.എം.ആർ (Custom Milled Rice) പോഷക സമ്പുഷ്ടമായതിനാൽ സംസ്ഥാനത്തിനെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്ന് 05/04/2022 ലെ അർദ്ധ ഔദ്യോഗിക കത്ത് നം.4731102/ഡി3/2020/ഭപൊവിവ മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് പരിഗണിക്കപ്പെട്ടില്ല. തുടർന്ന്, റേഷൻ കടകൾ മുഖാന്തിരം വിതരണം ചെയ്യുന്നതിനായി നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും സംഭരിച്ച് പ്രോസസ്സ് ചെയ്ത കുത്തരി ഗോഡൗണുകളിൽ വിതരണത്തിനായി സംഭരിച്ച് കഴിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത അരി വിതരണം നടത്തിയില്ലെങ്കിൽ നശിച്ചു പോവാൻ ഇടയുള്ളതും ആയത് വലിയ സാമ്പത്തിക നഷ്ടം ഉളവാക്കുമെന്നുള്ളതിനാലും സമ്പുഷ്ടീകരിക്കുന്നതിനു കൂടുതൽ സമയം ആവശ്യമുള്ളതിനാലും കേരളത്തിൽ ഇത്തരത്തിൽ അരി സമ്പുഷ്ടീകരിക്കുന്നതിന് ഒരു ബ്ലൻഡിങ് യൂണിറ്റ് മാത്രമേയുള്ളൂ എന്നതിനാലും സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സി.എം.ആർ സമ്പുഷ്ടീകരിക്കുന്നതിൽ നിന്നും കേരളത്തെ 2023 മാർച്ച് മാസം വരെ എങ്കിലും ഒഴിവാക്കണമെന്ന് ബഹു. ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി 24/11/2022 ലെ അർദ്ധ ഔദ്യോഗിക കത്ത് നം ഡി3/19/2022/ഭപൊവിവ മുഖേന കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ